നടപടികൾ സ്വീകരിക്കാൻ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ അതനുസരിച്ചു തുറന്ന് പ്രവർത്തിച്ചു തുടങ്ങിയോ എന്ന വിവരം ശേഖരിച്ചു വരുന്നു.

തിമിരി ദേവസ്വം എ. യു. പി. സ്കൂൾ

87. [136] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട തിമിരി ദേവസ്വം എ. യു. പി. സ്കൂൾ നൂറു രൂപ പ്രതിഫലത്തിന് ഗവൺമെൻറിന് നൽകാമെന്നു സമ്മതിച്ചിട്ടുണ്ടോ ;

(ബി) ഈ സ്കൂൾ ഗവൺമെൻറ് ഏറ്റെടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം എന്താണ് ;

(ഡി) ഏറ്റെടുത്തുവെങ്കിൽ ഗവൺമെൻറ് സ്കൂളായി മാറിയിട്ടും ഈ സ്കൂളിലെ അധ്യാപകർക്ക് ശമ്പളം നൽകുന്നത് പഴയതു പോലെ സ്വകാര്യ സ്കൂൾ അധ്യാപകർക്ക് ശമ്പളം നൽകുന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ തന്നെയാണെന്ന കാര്യം ഗവൺമെൻറ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് കാരണമെന്താണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏറ്റെടുത്തു കഴിഞ്ഞു.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ സറണ്ടർ അബ്സല്യൂട്ട് ആക്കികൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്.

വിജയഗിരി സ്കൂളിന് ഒരു താൽക്കാലിക കെട്ടിടം

88. [137] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ആലക്കോട് പഞ്ചായത്തിലെ വിജയഗിരി സ്കൂളിന് ഒരു താൽക്കാലിക കെട്ടിടം നിർമ്മിക്കുവാനുള്ള നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഈ കാര്യത്തിന് എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഇരിക്കൂർ ഗവൺമെൻറ് സ്കൂളിന്റെ അഡീഷണൽ ബിൽഡിംഗ്

89 [138] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ഇരിക്കൂർ ഗവൺമെൻറ് സ്കൂളിന്റെ അഡീഷണൽ ബിൽഡിംഗ് ടെൻഡർ ചെയ്തിട്ട് പണി ഏതു ഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര രൂപയ്ക്കാണ് ടെൻഡർ സ്ഥിരപ്പെടുത്തിയത് ;

(സി) ഇതിനോടകം കാൺട്രാക്ടർക്ക് എത്ര രൂപ നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) റൂഫ് ലെവൽ.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 1, 79, 455 രൂപ

അൺ എയിഡഡ് റെക്ഗ്നൈസ്ഡ് സ്ക്കൂളുകൾ

90. [139] ശ്രീ. കെ. പി. പ്രഭാകരൻ :

,, കെ. വി. സുരേന്ദ്രനാഥ് :

,, കെ. ഇ. ഇസ്മയിൽ :

,, എം. കെ. കേശവൻ :

,, കാനം രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1981 ഒക്ടോബർ 31 നു മുൻപ് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന അൺ എയിഡഡ് റെക്ഗ്നൈസ്ഡ് സ്ക്കൂളുകൾ എത്ര ;

(ബി) 1981 നവംബർ മുതൽ 1982 മേയ് 31 വരെയും 1982 ജൂൺ മുതൽ 1986 ഫെബ്രുവരി 28 വരെയും ഈ വിഭാഗത്തിൽ അനുവദിക്കപ്പെട്ട സ്ക്കൂളുകൾ എത്ര ?

ഉത്തരം

(എ) 131.

(ബി) 1981 നവംബർ മുതൽ 1982 മേയ് വരെ രണ്ട് അൺഎയിഡഡ് സ്ക്കൂളുകൾ അനുവദിച്ചു. പ്രസിഡൻറ് ഭരണം നിലനിന്നിരുന്ന കാലയളവായ 1982 ഏപ്രിൽ മാസത്തിൽ സ്ഥലനിർണ്ണയം നടത്തിയ 153 പ്രദേശങ്ങളിൽ നിന്നും 119 ഉൾപ്പെടെ 1986 ഫെബ്രുവരി 28 വരെ 293 അൺ എയിഡഡ് സ്ക്കൂളുകൾ അനുവദിച്ചിട്ടുണ്ട്.

ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന ശേഷം അനുവദിച്ച സ്ക്കൂളുകൾ

91. [140] ശ്രീ. പി. സീതിഹാജി :

,, നാലകത്തുസൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ആകെ എത്ര സ്ക്കൂളുകൾ അനുവദിച്ചു ;

(ബി) അതിൽ അപ്ഗ്രേഡ് യു. പി. സ്കൂളുകൾ, ഹൈസ്കൂളുകൾ ഇവ എത്ര ;

(സി) പുതുതായി അനുവദിച്ചതും അപ്ഗ്രേഡ് ചെയ്തതുമായ സ്കൂളുകൾ സ്വകാര്യമേഖലയിൽ എത്ര ഗവൺമെൻറ് ഉടമയിൽ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly